## കേരള നിയമസഭ 2018 ഏപ്രിൽ 4 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

രാജ്യത്തെ നാലിൽ ഒന്ന് വരുന്ന ജനവിഭാഗമായ പട്ടികവിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ബഹു.സുപ്രീംകോടതിയുടെ 20.03.2018 ലെ ഡോ.സുഭാഷ് കാശിനാഥ് മഹാജൻ V/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര മുതൽപേർ എന്ന കേസിലുണ്ടായ വിധി.

1989 ലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3–ാം വകുപ്പിൽ ഈ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ ഗുരുതരമായ കുറ്റകൃത്യങ്ങളായി കാണുകയും അതിനെതിരായി കടുത്ത ശിക്ഷ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. 4–ാം വകുപ്പിലാകട്ടെ, സർക്കാർ ജീവനക്കാർ അവരുടെ ഉത്തരവാദിത്വത്തിൽ വീഴ്ച വരുത്തിയാൽ ശിക്ഷ നൽകുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമത്തിലെ 18–ാം വകുപ്പ് പ്രകാരം, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് മുൻകൂർ ജാമ്യത്തിന് അർഹതയില്ല. എന്നാൽ ഈ വ്യവസ്ഥ പുതിയ സുപ്രീം കോടതി വിധി പ്രകാരം ഇളവ് ചെയ്യപ്പെട്ടിരിക്കുന്നു.

സുപ്രീം കോടതി വിധിപ്രകാരം സർക്കാർ ജീവനക്കാരൻ പ്രതിസ്ഥാനത്ത് വരുകയാണെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിന് മേലുദ്യോഗസ്ഥന്റെയും സർക്കാർ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾ പ്രതിസ്ഥാനത്ത് വരുന്ന പക്ഷം അയാളെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെയും അനുമതി ലഭ്യമാക്കണം. അപ്രകാരം അറസ്റ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് മേലുദ്യോഗസ്ഥൻ അല്ലെങ്കിൽ ജില്ലാ പോലീസ് സൂപ്രണ്ട് വ്യക്തമായ കാരണം

രേഖപ്പെടുത്തണം. ഈ കാര്യങ്ങൾ മജിസ്ട്രേറ്റ് പരിശോധിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഈ വ്യവസ്ഥകളുടെ ലംഘനം വകുപ്പുതല അച്ചടക്ക നടപടികൾക്കും പുറമെ കോടതി അലക്ഷ്യ നടപടികൾക്കും കൂടി വിധേയമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

രാജ്യത്തെ പട്ടികവിഭാഗങ്ങൾക്കിടയിൽ ഈ വിധി കടുത്ത ആശങ്കയുളവാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും ശക്തമായ വിയോജിപ്പും പ്രതിഷേധവും കേന്ദ്ര സാമൂഹ്യനീതി വകുപ്പ്മന്ത്രി ശ്രീ.തവാർചന്ദ് ഗഹലോട്ടിനെയും പട്ടികവർഗ്ഗകാര്യ വകുപ്പ് മന്ത്രി ശ്രീ. ജുവൽ ഒറാമിനെയും സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളിൽ ഉൾപ്പെടുന്ന പ്രതികളിൽ പലരും വിചാരണ സമയത്ത് പല പല സ്വാധീനങ്ങളാൽ രക്ഷപ്പെടുന്ന സ്ഥിതിയാണ് പൊതുവിൽ ഉള്ളത്. എന്നാൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് ഉടൻ ജാമ്യം ലഭിക്കില്ലയെന്നതും മുൻകൂർ ജാമ്യത്തിന് വ്യവസ്ഥയില്ലാത്തതും ഈ വിഭാഗങ്ങൾക്കെതിരായ അക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ഒരു മുൻ കരുതലാണ്. ഈ നിയമ സംരക്ഷണമാണ് സുപ്രീംകോടതി വിധി മൂലം ഇല്ലായ്മ ചെയ്യപ്പെട്ടത്.

സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ രാജ്യത്തെ പട്ടികവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്രഭരണ കക്ഷി നയിക്കുന്ന ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ സർക്കാരുകൾ വളരെ ക്രൂരമായാണ് നേരിടുന്നത്. 02.04.2018 ന് വടക്കേ ഇന്ത്യയിൽ സമരക്കാരെ നേരിട്ട പോലീസ് 9 പേരെയാണ് വെടിവെച്ച് കൊന്നത്. പ്രശ്നങ്ങൾക്ക്

പരിഹാരം കാണാൻ ശ്രമിക്കാതെ പ്രക്ഷോഭകരെ തോക്കുകൊണ്ട് നേരിടുന്ന സമീപനം ഒട്ടും ന്യായീകരിക്കത്തക്കതല്ല. ഈ നിഷ്ഠൂര സംഭവത്തെ അപലപിക്കുന്നതോടൊപ്പം പ്രസ്തുത വിധിക്കെതിരായി നിയമപരമായി സാധ്യമായ എല്ലാ വഴികളും സ്വീകരിക്കണമെന്നും വിധിയുടെ ദൂഷ്യഫലങ്ങൾ മറികടക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുകയും ചെയ്യുന്നു.

വി.കെ. ബാബു പ്രകാശ്
സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം